# കേരള സർവകലാശാല

നം.പി.ആർ.229/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി കോഴ്സ് വർക്ക് : മാർക്ക്ലിസ്റ്റ്/ സർട്ടിഫിക്കറ്റ് കൈപ്പറ്റണം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികൾ മാർക്ക്ലിസ്റ്റും സർട്ടിഫിക്കറ്റും ഡിസംബർ അഞ്ച് മുതൽ സി.എസ്.എസ് ഓഫീസിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റണം.

### ബി.ഫാം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ മൂന്നാം വർഷം ബി.ഫാം സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എട്ടാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി : മേഴ്സി ചാൻസ് അനുവദിച്ചു

കേരള സർവകലാശാല എട്ടാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം - 2002 അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് ഒരു മേഴ്സി ചാൻസ് കൂടി അനുവദിച്ചു. പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ അഞ്ച് വരെയും 50 രൂപ പിഴയോടെ ഡിസംബർ ആറ് വരെയും 250 രൂപ പിഴയോടെ ഡിസംബർ ഏഴ് വരെയും അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ മേഴ്സി ചാൻസ് ഫീസായി 2000/- രൂപയും സി.വി ക്യാമ്പ് ഫീസായി 200 രൂപയും അടയ്ക്കണം.

### എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ജി കാർത്തികേയൻ മെമ്മോറിയൽ അവാർഡ് :അപേക്ഷ ക്ഷണിച്ചു

കേരള സർവ്വകലാശാല ഏർപ്പെടുത്തിയ 2015-16 വർഷത്തെ ഏറ്റവും നല്ല കോളേജ് യൂണിയനുള്ള ജി കാർത്തികേയൻ മെമ്മോറിയൽ അവാർഡിന് അപേക്ഷകൾ ക്ഷണിച്ചു. 2015-16 അധ്യയന വർഷത്തിലെ കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ടും അനുബന്ധ രേഖകളും അതാതു കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടൊപ്പം ഡിസംബർ 31-നകം ഡയറക്ടർ, സ്റ്റുഡന്റ് സർവ്വീസസ് വകുപ്പ്, കേരള സർവകലാശാല, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയയ്ക്കണം. ഫോൺ. 0471-2302923.

### നഴ്സ് നിയമനം : യോഗ്യത പരീക്ഷ

കേരള സർവകലാശാല ഹെൽത്ത് സെന്ററിലേക്ക് കരാറടിസ്ഥാനത്തിൽ നഴ്സിനെ നിയമിക്കുന്നതിലേക്കായി ഡിസംബർ മൂന്ന് രാവിലെ 10 മണി മുതൽ 11.30 വരെ തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് ഹയർ സെക്കൻഡറി ഹൈസ്കൂളിൽ വച്ച്

നടത്തുന്ന യോഗ്യത പരീക്ഷയ്ക്ക് അർഹരായ ഉദ്യോഗാർത്ഥികളുടെ ഹാൾടിക്കറ്റ് അയച്ചിട്ടുണ്ട്. ഹാൾടിക്കറ്റ് യഥാസമയം ലഭിക്കാത്തവർ സർവകലാശാലയിലെ എ.ഡി ഡി-2 സെക്ഷനുമായി ബന്ധപ്പെടുക. ഫോൺ. 0471-2386209.

## എം.ഫിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് ഫലം

കേരള സർവകലാശാല നടത്തിയ എം.ഫിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് (2015-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

01.12.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**